കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- മലപ്പുറം ജില്ല – എടപ്പാൾ ഗ്രാമപഞ്ചായത്ത് - 164/13-14 നമ്പരായി അനുമതി നൽകിയ കെട്ടിട നിർമ്മാണത്തിനെതിരെയുള്ള നടപടി - W.P.(C) 16804/2017 ന്റെ 6.7.2017 ലെ വിധിന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ)നം.3132/2017/തസ്വഭവ തിരുവനന്തപുരം,തീയതി 23/09/2017.**

---

പരാമർശം:- 1) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 01.09.2014, 27.3.2017 തീയതികളിലെ CTP VIG/825/14 നമ്പർ റിപ്പോർട്ടുകൾ.

2) 28.11.14 ലെ 71667/RB3/14/LSGD നമ്പർ സർക്കാർ കത്ത്.

3) എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.10.16 ലെ എ 5-7743/14 നമ്പർ കത്ത്.

4) ശ്രീ. റഷീദ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 16804/2017 ന്റെ 6.7.2017 ലെ വിധിന്യായം.

## <u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത പഞ്ചായത്തിൽ നിന്നും 164/13-14 നമ്പരായി അനുമതി നൽകിയ കെട്ടിട നിർമ്മാണം അനധികൃതമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് . ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരാമർശം (1) പ്രകാരമുള്ള 01.09.2014 റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി.

2. പരാമർശ കെട്ടിടത്തിന്റെ കിഴക്കുഭാഗത്തുള്ള വഴി പൊതുവഴിയല്ലെന്നും ഈ വഴി 3 അടി മാത്രം വീതിയുള്ള നടപ്പാത മാത്രമായിരുന്നുവെന്നും പിന്നീട് യാത്രാ സൗകര്യത്തിനായി വീതി കൂട്ടി വഴിയാക്കിയെന്നും ഈ റോഡ് പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലെന്നും ആയതിനാൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ അന്വേഷണ റിപ്പോർട്ട് പുന:പരിശോധിക്കണമെന്ന് പരാമർശം (3) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി . എന്നാൽ പരാമർശ കെട്ടിടത്തിന് അംഗീകൃത പ്ലാനിൽ കെട്ടിടവും റോഡും തമ്മിലുള്ള ദൂരം 2 മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലപരിശോധനയിൽ 1.05 മീറ്ററാണ് കാണാൻ കഴിഞ്ഞതെന്നും ആയതിനാൽ ടി നിർമ്മാണം കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 2011 ലെ ചട്ടം 28(1) ലംഘിക്കുന്നതായും പ്രസ്തുത സ്ഥലത്ത് റൂൾ 28(1) അനുശാസിക്കുന്ന സെറ്റ് ബാക്ക് ലഭ്യമാക്കുവാൻ കഴിയുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിനെതിരെയുള്ള നടപടി അവസാനിപ്പിക്കാവുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) 27.3.2017 ലെ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാകുന്നു.

3) പരാമർശം (4) ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി ന്യായപ്രകാരം ഗവൺമെന്റ് സെക്രട്ടറി Ext.P6 (പരാമർശം (3) ലെ എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത്) പരിഗണിച്ച് ആവശ്യമെങ്കിൽ പരാതിക്കാരനേയും പഞ്ചായത്ത് സെക്രട്ടറിയേയും കേട്ടതിന് ശേഷം, വിധിന്യായം ലഭിച്ച് രണ്ട് മാസത്തിനകം തീരുമാനമെടുക്കണമെന്ന് ഉത്തരവായിട്ടുണ്ട്. പരാതിക്കാരൻ 27.7.2017 ന് മേൽ വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28(1) പ്രകാരം 150 മീറ്റർ ദൈർഘ്യം കവിയാത്ത ഒരറ്റം മാത്രം തുറന്ന തെരുവുകളുടേയും കാൽനടക്കാരുടെ തെരുവുകളുടേയും മൂന്ന് മീറ്ററിൽ താഴെ വീതിയുള്ള തെരുവുകളുടേയും സംഗതിയിൽ റോഡിന്റെ കേന്ദ്ര രേഖയിൽ നിന്നും കെട്ടിടങ്ങളിലേയ്ക്കുള്ള അകലം ഗണിക്കാതെ തന്നെ 7 മീറ്റർ വരെ പൊക്കമുള്ള കെട്ടിടങ്ങൾക്ക് തെരുവിനോട് ചേർന്നുള്ള പ്ലോട്ടതിരും കെട്ടിടവും തമ്മിൽ 1.50 മീറ്റർ അകലം വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ വ്യവസ്ഥകൾ സ്വകാര്യ വ്യക്തികൾ ഡെവലപ്പ് ചെയ്തെടുക്കുന്ന റോഡുകൾക്ക് ബാധകമല്ല എന്ന് ടി ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതുമാകുന്നു.

5) മേൽ സാഹചര്യത്തിൽ, മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ നിന്നും 28.9.2013- ൽ 164/13-14-ാം നമ്പരായി കെട്ടിടാനുമതി നൽകിയ പരാമർശ കെട്ടിടത്തിന് 2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28(1) അനുശാസിക്കുന്ന സെറ്റ് ബാക്ക് ലഭ്യമാക്കുവാൻ കഴിയുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിനെതിരെയുള്ള നടപടി അവസാനിപ്പിക്കാൻ എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം (4) പ്രകാരമുള്ള വിധിന്യായം നടപ്പാക്കിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മനോഹരൻ പി.വി.**
**അണ്ടർ സെക്രട്ടറി**

ശ്രീ. റഷീദ്, കക്കാട്ടിൽ ഹൗസ്, ഒതല്ലൂർ പി.ഒ., പട്ടാമ്പി, പാലക്കാട്
സെക്രട്ടറി, എടപ്പാൾ ഗ്രാമപഞ്ചായത്ത്
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) തിരുവനന്തപുരം
അഡ്വ. ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ആഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ